ഗവേഷണ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ കരകുളം ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിരുന്നു. ഉദാഹരണത്തിന്, കേരള സർവ്വകലാശാലയിലെ ജിയോളജി വിഭാഗം അദ്ധ്യാപകർ പഞ്ചായത്തിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്താൻ മുന്നോട്ടുവന്നിരുന്നു. സാമൂഹിക, കാലിക പ്രസക്തമായിട്ടുള്ള തീസീസുകൾ ഉപയോഗപ്പെടുത്തി ഗവേഷണ മേഖലയിൽ വരുത്തേണ്ട ഉന്നമനങ്ങളെ കുറിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആലോചിച്ചുവരുന്നു. കൂടാതെ എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ, BIIC (Business Innovation & Incubation Centre) എന്നീ സർവ്വകലാശാല സെന്ററുകൾ ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ഗവേഷണ മാർഗ്ഗനിർദ്ദേശങ്ങൾ, പേറ്റന്റുകൾ, പ്രോജക്ടുകൾ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി സർവ്വകലാശാല സെന്ററുകൾ നൽകിവരുന്നു. എ.പി.ജെ. അബ്ദുൾകലാം സർവ്വകലാശാലയിൽ ഉല്പന്നങ്ങൾ വികസിപ്പിക്കാൻ സാധ്യമായ ഗവേഷണങ്ങൾക്ക് ധനസഹായം നല്കാനുള്ള പദ്ധതികളും ഗവേഷണ ഫലങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശം ഉറപ്പാക്കുന്ന തിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേരള സർവ്വകലാശാലയിൽ മുഴുവൻ പ്രബന്ധങ്ങളും ഓൺലൈൻ പോർട്ടൽവഴി ശേഖരിച്ച് ഭാവി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## മലബാർ മേഖലയിലെ ജലഗതാഗത വികസനം

25 (*265) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ജലഗതാഗതം സാധ്യതകൾക്കനുസരിച്ച് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വകുപ്പിന് മലബാർ മേഖലയിൽ പറശ്ശിനി, പയ്യന്നൂർ എന്നിവിടങ്ങളിലാണ് സർവ്വീസുകളുള്ളത്. പറശ്ശിനിയിൽനിന്നും അഴീക്കൽ വരെ ഒരു ടൂറിസം-കം-പാസഞ്ചർ സർവ്വീസ് നടത്തുന്നു. ടി ബോട്ടിൽ യാത്രയ്ക്കായി വരുന്നവർക്ക് കൂടുതൽ ആസ്വാദന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി മേഖലയിലെ മറ്റു ബോട്ടുകളിൽനിന്നും വ്യത്യസ്തമായി LED ലൈറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിനോദ പരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു LED TV, സൗണ്ട് സിസ്റ്റം എന്നിവയും നല്കിയിട്ടുണ്ട്. സുഗമമായ യാത്രയ്ക്കായി സീറ്റുകൾ മോടിപിടിപ്പിക്കുകയും ബോട്ടിന്റെ ഉള്ളിൽ ചിത്രങ്ങൾ പെയിന്റിംഗ് ചെയ്ത് ഭംഗിയാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിട്ടുള്ളതുമാണ്. കുടുംബശ്രീയുടെ സഹായത്തോടെ ബോട്ടിൽ ഭക്ഷണശാല ക്രമീകരിച്ചിട്ടുണ്ട്. ടി ബോട്ട് സർവ്വീസിന് പറശ്ശിനിയിൽ വരുന്ന തീർത്ഥാടക രുടെയും സഞ്ചാരികളുടെയും ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സ്വീകാര്യതയാണ് ലഭിക്കുന്നത്. മറ്റൊരു ബോട്ട് അഴീക്കൽ-മാട്ടൂൽ ഫെറി സർവ്വീസ് ആണ് നടത്തിവരുന്നത്. രാവിലെ 6.30 മുതൽ വൈകുന്നേരം 7 വരെ 46 സർവ്വീസുകൾ നടത്തുന്നുണ്ട്. റോഡ് മാർഗ്ഗം 45 മിനിറ്റ് ദൈർഘ്യം എടുക്കുന്നതിനാൽ ടി മേഖലയിലെ യാത്രക്കാർ കൂടുതലും ബോട്ട് പ്രയോജനപ്പെടുത്തുന്നു. അഴീക്കൽ-മാട്ടൂൽ ബോട്ട് യാത്രയ്ക്ക് 7 മിനിറ്റ് ദൈർഘ്യവും 10 രൂപ ടിക്കറ്റ് ചാർജ്ജും മാത്രമാണുള്ളത്. പയ്യന്നൂർ മേഖലയിൽ ആയിറ്റി- കൊറ്റി, ആയിറ്റി പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു. ടി മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്- വലിയ പറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയ ക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വൻവിജയമായി കാണുന്നതിനാൽ കൊറ്റി- കവ്വായ്- വലിയപറമ്പ്- ആയിറ്റി- പടന്ന- മാവിലാടം വരെ ടൂറിസ്റ്റ്- കം- പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് അഭികാമ്യമാണോ എന്ന് പഠനങ്ങൾ നടത്തിവരുന്നു. പ്രകൃതി മലിനീകരണം ഒഴിവാക്കി നടത്തുന്ന ഇത്തരം സർവ്വീസുകൾ സാധാരണക്കാർക്കും വിനോദ സഞ്ചാരത്തിനായി വരുന്നവർക്കും കൂടുതൽ പ്രയോജനമാകുന്നതാണ്. കൂടാതെ വർദ്ധിച്ചുവരുന്ന ഇന്ധന വിലവർദ്ധനവിൽനിന്നുമുണ്ടാകുന്ന ദൈനംദിന ചെലവ് കുറയ്ക്കുന്നതിനും ഇത്തരത്തിൽ സാധിക്കുന്നതാണ്. നിലവിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് പാസഞ്ചർ, ടൂറിസ്റ്റ്- കം-പാസഞ്ചർ സർവ്വീസുകൾ നടത്തിവരുന്നത്.

(ബി) തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് നടത്തുന്ന സർവ്വീസുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ ?

തൃക്കരിപ്പൂർ മേഖലയിൽ ആയിറ്റി- കൊറ്റി, ആയിറ്റി- പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു. ടി മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്- വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ, മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വൻവിജയമായി

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നതിനാൽ കൊറ്റി- കവ്വായ്-വലിയപറമ്പ്- ആയിറ്റി- പടന്ന- മാവിലാടം വരെ ടൂറിസ്റ്റ്-കം- പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് അഭികാമ്യമാണോ എന്ന് പഠനങ്ങൾ നടത്തിവരുന്നു.

(സി) മലബാർ മേഖലയിലെ വിവിധ കേന്ദ്രങ്ങളിൽ സാധ്യതകൾക്കനുസരിച്ച് പുതിയ സർവ്വീസുകളും സർവ്വീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

മലബാർ മേഖലയിലെ ടൂറിസം-പാസഞ്ചർ സാധ്യതകൾ പരിശോധിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പുതുതായി ടൂറിസ്റ്റ്- കം-പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. ലോക ടൂറിസം ഭൂപടത്തിൽ ഇടം പിടിക്കുന്ന രീതിയിൽ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(ഡി) പ്രസ്തുത മേഖലയിലെ ജലഗതാഗത വികസനം പ്രാദേശിക ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുക വഴി ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഗുണകരമാകുമെന്നും ഇത് പ്രാദേശിക വികസനത്തിനുകൂടി വഴിതെളിക്കുമെന്നും പരിഗണിച്ച് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

മലബാർ മേഖലയിലെ ജലഗതാഗത സാധ്യതകളും ടൂറിസം സാധ്യതകളും വളരെ അടിയന്തര പ്രാധാന്യത്തോടെ പരിശോധിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി-പൊന്നാനി കേന്ദ്രീകരിച്ചും കോഴിക്കോട് ജില്ലയിൽ വടകര-പയ്യോളി അങ്ങാടി മേഖലകളെ ബന്ധിപ്പിച്ചും വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിലും ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്.

**കെ. എസ്. ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

26 (*265) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് കെ. എസ്. ആർ. ടി. സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly